2026
JUNE
08
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ആൻഡമാൻ തീരത്ത് വൻ പ്രകൃതിവാതക ശേഖരം



**ചെന്നൈ:** ആൻഡമാൻ ദ്വീപിനോടു ചേർന്നുള്ള സമുദ്രതീരത്ത് വൻ തോതിൽ പ്രകൃതിവാതക ശേഖരം കണ്ടെത്തി.

ഓയിൽ ഇന്ത്യ ലിമിറ്റഡ് നടത്തിയ പര്യവേക്ഷണത്തിലാണ് ആൻഡമാൻ ദ്വീപുകളുടെ കിഴക്കൻ തീരത്തുനിന്ന് ഏകദേശം 15 കിലോമീറ്റർ അകലെയുള്ള വിജയപുരം 3 എന്ന പര്യവേക്ഷണ കിണറിൽ വാതകശേഖരം കണ്ടെത്തിയത്.

ഈ ഭാഗത്തു സമുദ്രത്തിന് 355 മീറ്ററാണ് ആഴം. സമുദ്രനിരപ്പിനു താഴെ 1900 മീറ്ററിലധികം ആഴത്തിൽ നടത്തിയ ഡ്രില്ലിംഗിലാണ് വാതകത്തിന്റെ സാന്നിധ്യം കണ്ടെത്തിയത്.

2025 സെപ്റ്റംബറിൽ വിജയപുരം 2 പര്യവേക്ഷണ കിണറിലും വാതക ശേഖരം കണ്ടെത്തിയിരുന്നു. ആൻഡമാൻ ബേസിനിൽ ഓയിൽ ഇന്ത്യ ലിമിറ്റഡ് നടത്തിയ പര്യവേക്ഷണങ്ങളിൽ നിലവിൽ കുഴിച്ച മൂന്നു കിണറുകളിൽ രണ്ടെണ്ണത്തിലും ഹൈഡ്രോകാർബൺ സാന്നിധ്യം കണ്ടെത്താനായതു വലിയ നേട്ടമാണ്.

വാതകത്തിൻറെ കണ്ടെത്തൽ രാജ്യത്തിന്റെ ഊർജസുരക്ഷയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് പെട്രോളിയം പ്രകൃതിവാതക വകുപ്പ് മന്ത്രി ഹർദീപ് സിംഗ് പുരി ചൂണ്ടിക്കാട്ടി.

രാജ്യത്തിന്റെ സമുദ്രാന്തര പര്യവേക്ഷണ പദ്ധതിയായ സമുദ്ര മന്ഥൻ ദൗത്യത്തിലാണ് നിർണായക നേട്ടം കൈവരിച്ചത്. 2025ലെ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച പദ്ധതിയാണ് സമുദ്ര മന്ഥൻ മിഷൻ. രാജ്യത്തെ ആഴക്കടൽ എണ്ണ വാതക നിക്ഷേപങ്ങൾ പൂർണമായി പ്രയോജനപ്പെടുത്തുകയെന്നതാണ് സമുദ്ര മന്ഥൻ മിഷന്റെ ലക്ഷ്യം.

നിലവിൽ കണ്ടെത്തിയ വാതകത്തിന്റെ ഘടന, ഗുണനിലവാരം, കലോറി മൂല്യം എന്നിവ പരിശോധിക്കുന്നതിനായി സാമ്പിളുകൾ ശേഖരിച്ചുവരികയാണ്. രാജ്യാന്തര ആഴക്കടൽ പര്യവേക്ഷണ വിദഗ്ധരുടെ സഹായത്തോടെ ഈ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാനാണ് കേന്ദ്ര സർക്കാർ തീരുമാനം.

കൂടുതൽ ആഴക്കടൽ പര്യവേക്ഷണങ്ങൾ നടത്താൻ രാജ്യാന്തര വിദഗ്ധരുടെ സഹകരണം തേടും. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ പര്യവേക്ഷണം നടക്കുന്നുണ്ട്. ഊർജാവശ്യങ്ങൾക്കായി ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുകയെന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് പര്യവേക്ഷണം ഊർജിതമാക്കിയത്. ഇതിന്റെ ഭാഗമായി മുമ്പ് ശ്രമിച്ച് ഉപേക്ഷിച്ച പര്യവേക്ഷണങ്ങൾ പുനരാരംഭിക്കാനുള്ള നീക്കങ്ങളും തുടങ്ങിയിട്ടുണ്ട്.

കൽക്കരി, പെട്രോളിയം എന്നിവയെ അപേക്ഷിച്ച് മലിനീകരണം കുറഞ്ഞ ഇന്ധനമാണ് പ്രകൃതിവാതകം. 2030ഓടെ രാജ്യത്തിന്റെ ആകെ ഊർജ ഉപഭോഗത്തിൽ പ്രകൃതിവാതകത്തിന്റെ പങ്ക് 6%ൽ നിന്നും 15% ആയി ഉയർത്താൻ ലക്ഷ്യമിടുന്നുണ്ട്. ഈ ലക്ഷ്യത്തിലേക്ക് അടുക്കാൻ ആൻഡമാനിലെ കണ്ടെത്തൽ സഹായിക്കും.



## പാചക എണ്ണയിൽ വലിയ മാറ്റവുമായി കേന്ദ്രം, വിൽപന പുതിയ 'സ്റ്റാൻഡേർഡിൽ' മാത്രം

**ന്യൂഡൽഹി:** പാചകത്തിന് ഉപയോഗിക്കുന്ന എണ്ണയുടെ വിൽപനയിൽ വമ്പൻ മാറ്റം നടപ്പിലാക്കി കേന്ദ്രസർക്കാർ. കമ്പനികൾക്ക് ഇനി തോന്നിയതു പോലെ പാക്കിങ് നടത്താനാകില്ല. ഉപഭോക്താക്കൾക്കുണ്ടാകുന്ന ആശയക്കുഴപ്പം പരിഹരിക്കാൻ പാചക എണ്ണ ഏകീകൃത അളവിലേക്ക് മാറ്റാൻ കേന്ദ്രം. ഉപഭോക്താക്കൾക്ക് വിവിധ ബ്രാൻഡുകളുടെ പാചക എണ്ണയുടെ വില താരതമ്യം ചെയ്തു വാങ്ങാനും മേഖലയിൽ സുതാര്യത കൊണ്ടുവരാനും സഹായിക്കുന്നതാണ് പുതിയ നീക്കമെന്നാണ് സർക്കാർ വിശദീകരണം.

നിലവിൽ വെളിച്ചെണ്ണ, പാമോലിൻ തുടങ്ങിയ പാചക എണ്ണകൾ പല അളവിലുള്ള പാക്കിങിലാണ് ലഭ്യമാകുന്നത്. 950 മില്ലി ലീറ്റർ, 800 മില്ലി ലീറ്റർ തുടങ്ങിയ അളവുകളിലാണ് മിക്ക കമ്പനികളും എണ്ണ വിപണിയിലെത്തിക്കുന്നത്. ഇവയ്ക്ക് വ്യത്യസ്ത വിലയും പല കമ്പനികളും ഈടാക്കിയിരുന്നു. ഇത് ഉപഭോക്താക്കളിൽ കടുത്ത ആശയക്കുഴപ്പത്തിനും ഇടയാക്കാറുണ്ട്. പുതിയ ചട്ടപ്രകാരം ഇനി മുതൽ ലീറ്ററിലോ മില്ലിലീറ്ററിലോ മാത്രമേ എണ്ണ വിൽപന അനുവദിക്കൂ. ഇതിനു തുല്യമായ തൂക്കം കിലോഗ്രാമിൽ പ്രദർശിപ്പിക്കണമെന്നും പുതിയ ചട്ടങ്ങൾ പറയുന്നു. 200 മില്ലിലിറ്റർ, 1 ലിറ്റർ, 2 ലിറ്റർ, 3 ലിറ്റർ, 4 ലിറ്റർ, 5 ലിറ്റർ, 15 ലിറ്റർ, 20 ലിറ്റർ തുടങ്ങിയ 9 അളവുകളിൽ മാത്രമാണ് ഇനി മുതൽ എണ്ണ വിൽക്കേണ്ടത്.

മാറ്റത്തിന് കമ്പനികൾക്ക് മൂന്നു മാസത്തെ സാവകാശമാണ് കേന്ദ്രസർക്കാർ അനുവദിച്ചിരിക്കുന്നത്. രാജ്യത്ത് ഉൽപാദിപ്പിക്കുന്നതും വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യുന്നതുമായ എല്ലാ ഉൽപന്നങ്ങൾക്കും പുതിയ മാനദണ്ഡങ്ങൾ ബാധകമാണ്. എന്നാൽ ചെറിയ പൗച്ചുകളിലോ 200 മില്ലി ലീറ്ററിൽ താഴെയുള്ളവയ്ക്കോ പുതിയ ചട്ടങ്ങൾ ബാധകമല്ല. ബന്ധപ്പെട്ട കമ്പനികളുമായി വിശദ ചർച്ച നടത്തിയതിനു ശേഷമാണ് മാറ്റമെന്നും സർക്കാർ വിശദീകരിച്ചു. അതേസമയം, പുതിയ മാറ്റം നടപ്പിലാകുമ്പോൾ വില കൂടാനുള്ള സാധ്യതയില്ലെന്നാണ് വിദഗ്ധർ പറയുന്നത്.

# എഥനോൾ സ്റ്റൗ വിപണിയിലേക്ക്

**ന്യൂഡൽഹി:** പാചകവാതക വില കുതിച്ചുയരുന്നതിനിടെ എഥനോൾ ഇന്ധനമായി ഉപയോഗിക്കാവുന്ന സ്റ്റൗ വിപണിയിലെത്തിക്കാനുള്ള ശ്രമം ഊർജിതം.

വാണിജ്യ സിലിണ്ടറുകളുടെ വില സർവകാല റെക്കോർഡിൽ എത്തിയതും വിതരണത്തിന് നിയന്ത്രണങ്ങൾ തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ എഥനോൾ സ്റ്റൗ ഹോട്ടലുകൾക്ക് ആശ്വാസമാകുമെന്നാണു പ്രതീക്ഷ. എന്നാൽ വിലയിൽ വലിയ നേട്ടമുണ്ടാകില്ല. എൽപിജിയെക്കാൾ വില കൂടുതലാണ് എഥനോളിന്. സ്റ്റൗവിനും വില കൂടുതലായിരിക്കും.

ഐഐടികളുടെ നേതൃത്വത്തിലാണ് എഥനോൾ സ്റ്റൗ നിർമാണ പരീക്ഷണങ്ങൾ പുരോഗമിക്കുന്നത്. സ്റ്റൗവിന്റെ പ്രോട്ടോടൈപ്പ് ഉടൻ പുറത്തിറങ്ങുമെന്ന് ഫെഡറേഷൻ ഓഫ് ഇന്ത്യൻ പെട്രോളിയം ഇൻഡസ്ട്രി ഡയറക്ടർ ആർ.എസ്.രവി പറഞ്ഞു. ചില ആഫ്രിക്കൻ രാജ്യങ്ങളിലും ബ്രസീലിലും നിലവിൽ എഥനോൾ പാചകാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്. എൽപിജിയെക്കാൾ സുരക്ഷിതമാണെന്നാണ് ഇവരുടെ അനുഭവം. 2030% വരെ ഇന്ധന ക്ഷമതയും കൂടുതലാണ്.

എന്നാൽ പാചകത്തിന് കൂടുതൽ സമയം വേണ്ടിവരും. വിതരണം ചെയ്യാനും സൂക്ഷിച്ചുവയ്ക്കാനും എളുപ്പമാണെന്നും ഇവർ പറയുന്നുണ്ടെങ്കിലും എൽപിജിക്ക് എന്നപോലെ എഥനോൾ വിതരണത്തിന് രാജ്യവ്യാപകമായി ശൃംഖലയില്ലെന്നതു വെല്ലുവിളിയാണ്.

എഥനോൾ സ്റ്റൗ വിപണിയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നു ഗ്രെയിൻ എഥനോൾ മാനുഫാക്ചറേഴ്സ് അസോസിയേഷനും വ്യക്തമാക്കി. എഥനോളിനെ പാചക ഇന്ധനമായി പരിഗണിക്കണമെന്ന് ഇവർ നേരത്തേ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. നാഗ്പുരിൽ പൊതുപരിപാടിക്കിടെ കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയും എഥനോൾ അടുപ്പുകൾ വൈകാതെ വിപണിയിലെത്തുമെന്നു പറഞ്ഞിരുന്നു.








# കുസാറ്റ്: ഗസ്റ്റ് ഫാക്കൽറ്റി വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് വകുപ്പിൽ ഗസ്റ്റ് ഫാക്കൽറ്റി ഒഴിവിലേക്ക് വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. കമ്പ്യൂട്ടർ സയൻസ്/അപ്ലിക്കേഷൻസ്, മാത്തമാറ്റിക്സ് വിഷയങ്ങളിലേക്കാണ് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നത്. കമ്പ്യൂട്ടർ സയൻസ്/ അപ്ലിക്കേഷൻസ് വിഷയത്തിനായി കമ്പ്യൂട്ടർ സയൻസ്/ ഇൻഫർമേഷൻ ടെക്നോളജി/ ഇലക്ട്രോണിക്സ്/ വിഎൽഎസ്ഐ / ഐഒടി/ആർട്ടിഫിഷ്യൽ ഇന്റലിജൻസ്/ ഡാറ്റാ സയൻസ്/ മെഷീൻ ലേർണിംഗ്/ സൈബർ സെക്യൂരിറ്റിയിൽ എം.ടെക്ക് അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ്/ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്/ ഡാറ്റാ സയൻസ്/ ബയോഇൻഫോർമാറ്റിക്സിൽ എംഎസ് സി അല്ലെങ്കിൽ കമ്പ്യൂട്ടർ അപ്ലിക്കേഷൻസിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. മാത്തമാറ്റിക്സ് വിഷയത്തിനായി മാത്തമാറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. നെറ്റ് യോഗ്യത അഭികാമ്യം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂൺ 19ന് രാവിലെ 10:30 ക്ക് വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 0484 2862391 എന്ന നമ്പറിൽ ബന്ധപ്പെടുക.

## തൊഴിൽ മേള

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ മോഡൽ കരിയർ സെന്ററിന്റെയും ടൌൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മൂവാറ്റുപുഴയുടെയും ആഭിമുഖ്യത്തിൽ ജൂൺ 10ന് രാവിലെ 9 മണി മുതൽ 1 മണി വരെ SSLC, Plus2, ITI , Degree, PG, BTech/Diploma (Mechanical, Civil), , MBA (HR, Marketing, Finance) BCA, MCA, Bsc/Btech Computer Science തുടങ്ങിയ യോഗ്യതയുള്ളവർക്ക് സ്വകാര്യ സ്ഥാപനങ്ങളിലെ 1000 ഒഴിവുകളിലേക്ക് മുളന്തുരുത്തി നിർമ്മലാ ആർട്സ് & സയൻസ് കോളേജിൽ വെച്ച് അഭിമുഖം നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുളവർ പേര്, വിദ്യാഭ്യാസ യോഗ്യത എന്നിവ ugbkchi.emp@gmail.com എന്ന വിലാസത്തിലേക്ക് അയച്ച് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 0484 2576756 എന്ന നമ്പറിൽ ബന്ധപ്പെടുക.

## സ്ട്രീം എക്സ്പെർട്ട് നിയമനം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും (കുസാറ്റ്) സമഗ്ര ശിക്ഷാ കേരളയും ചേർന്ന് എറണാകുളം, ആലപ്പുഴ, തൃശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന സ്ട്രീം പ്രോജക്റ്റിലെ ഒഴിവുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ പ്രായോഗിക വൈദഗ്ധ്യവും അധ്യാപന പരിചയവുമുള്ളവരെയാണ് പരിഗണിക്കുന്നത്. സ്ട്രീം ഇന്നവേഷൻ ലാബുകളുടെ നടത്തിപ്പും പരിശീലനവുമാണ് പ്രധാന ചുമതല. നിയമനം 2026 27 വർഷത്തേക്കായിരിക്കും. അപേക്ഷിക്കാനുള്ള ലിങ്ക്: stream.net.in/hr/അവസാന തീയ്യതി: ജൂൺ 20. കൂടുതൽ വിവരങ്ങൾക്ക്: 89219 91106.

## പ്രൊജക്റ്റ് അസിസ്റ്റന്റ് ഒഴിവ്

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അപ്ലൈഡ് കെമിസ്ട്രി വകുപ്പിൽ താത്കാലിക നിയമനത്തിനായി റൂസ യുടെ ധസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ പ്രൊജക്റ്റ് അസിസ്റ്റന്റ് (ലെവൽ 1) ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. കെമിസ്ട്രിയിൽ ഇന്റഗ്രേറ്റഡ് എംഎസ് സി/എംഎസ് സി യാണ് യോഗ്യത. നാനോമെറ്റീരിയൽസിന്റെ സിന്തെസിസ്, ത്തിന് ഫിലിം, ആർട്ടിഫിഷ്യൽ ഫോട്ടോസിന്തസിസ് എന്നിവയിൽ പ്രവർത്തി പരിചയം അഭികാമ്യം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റ nybinremello@cusat.ac.in എന്ന വിലാസത്തിലേക്ക് RUSA2/CHE/PA തലക്കെട്ടോടുകൂടി ജൂൺ 18ന് മുൻപായി അയക്കണം. കൂടുതൽ വിവരങ്ങൾക്ക് 04842862173 എന്ന നമ്പറിൽ ബന്ധപ്പെടുക.



# കുസാറ്റിൽ സ്മാർട്ട് 2026 ഇന്റേൺഷിപ്പ് പദ്ധതിയുടെ രണ്ടാം ബാച്ചിന് തുടക്കം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ടങഅഞഠ 2026 ഇന്റേൺഷിപ്പ് പദ്ധതിയുടെ രണ്ടാം ബാച്ചിന് തുടക്കമായി. ഇന്ത്യയിലെ വിവിധ കോളേജുകളിൽ നിന്നുള്ള എഥഡഏജ വിദ്യാർത്ഥികൾക്കായാണ് 15 ദിവസത്തെ ഈ ഇന്റേൺഷിപ്പ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

കുസാറ്റ് ഫാക്കൽറ്റി ഓഫ് മറൈൻ സയൻസസിന്റെ ഡീനും സീനിയർ പ്രൊഫസറുമായ ഡോ. ബിജോയ് നന്ദൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഗവേഷണ രംഗത്ത് പ്രായോഗിക പരിശീലനത്തിന്റെയും ശാസ്ത്രീയ സമീപത്തിന്റെയും പ്രാധാന്യം അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ചടങ്ങിൽ സ്കൂൾ ഓഫ് മറൈൻ സയന്സസിന്റെ ഡയറക്ടർ ഡോ. സതീശൻ കെ അധ്യക്ഷത വഹിച്ചു. കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പ് മേധാവി ഡോ. ഹബീബ് റഹ്മാൻ കെ, കോഴ്സ് കോർഡിനേറ്റർ ഡോ. രാഖി എ. എസ്, കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജോർഫിൻ ജോസഫ് എന്നിവർ പങ്കെടുത്തു.

കേരളത്തിലേയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള നിരവധി വിദ്യാർത്ഥികൾ പരിപാടിയിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. പ്രായോഗിക പരിശീലനവും, സമുദ്രശാസ്ത്ര അടിസ്ഥാന അറിവുകളും കിഫ്ബി സഹായത്തോടുകൂടി വാങ്ങിയ സംഗീർണ്ണമായ ഉപകരണങ്ങളിൽ പ്രായോഗിക പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകുക എന്നതാണ് ഈ ഇന്റേൺഷിപ്പിന്റെ ലക്ഷ്യം.ഇന്റേൺഷിപ്പ് ജൂൺ 15ന് സമാപിക്കും.

# മരുന്നുകളുടെ ലഭ്യതയും ട്രിപ്സും: ശിൽപശാലയ്ക്ക് തുടക്കം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഐപിആർ സ്റ്റഡീസ്, തേർഡ് വേൾഡ് നെറ്റ്വർക്ക് സഹകരണത്തോടെ സംഘടിപ്പിക്കുന്ന 'വികസനോന്മുഖ രാജ്യങ്ങളിലെ മരുന്നുകളുടെ ലഭ്യത, ട്രിപ്സ്, പേറ്റന്റുകൾ' എന്ന വിഷയത്തെ ആസ്പദമാക്കിയ ശിൽപശാലയ്ക്ക് തുടക്കമായി.

കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. എം. ജുനൈദ് ബുഷിരി ശിൽപശാല ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ, തെറ്റായ രീതിയിൽ പേറ്റന്റുകൾ അനുവദിക്കപ്പെടുന്നതിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങൾ, പ്രത്യേകിച്ച് മരുന്നുകളുടെ ലഭ്യതയെ ബാധിക്കുന്ന സാഹചര്യം, അദ്ദേഹം ചൂണ്ടിക്കാട്ടി. പൊതുജനാരോഗ്യ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം ബൗദ്ധിക സ്വത്തവകാശ സംവിധാനവും സന്തുലിതമായിരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. ബൗദ്ധിക സ്വത്തവകാശങ്ങളും ആരോഗ്യപരിരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം, ബോധവത്കരണം, നയപരമായ ഇടപെടലുകൾ എന്നിവ മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഐയുസിഐപിആർഎസും തേർഡ് വേൾഡ് നെറ്റ്വർക്കും നടത്തുന്ന പ്രവർത്തനങ്ങളെയും അദ്ദേഹം അഭിനന്ദിച്ചു.




വികസ്വര രാജ്യങ്ങളിൽ ആരോഗ്യപരിപാലന ഉൽപ്പന്നങ്ങളുടെ ലഭ്യതയെയും താങ്ങാനാവുന്ന വിലയെയും സ്വാധീനിക്കുന്ന ബൗദ്ധിക സ്വത്തവകാശ നിയമനയ ചട്ടക്കൂടുകളും മരുന്നുകളിലേക്കുള്ള പ്രവേശനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള ധാരണ പങ്കാളികൾക്ക് നൽകുകയാണ് ശിൽപശാലയുടെ ലക്ഷ്യം. വിദഗ്ധരുടെ നേതൃത്വത്തിലുള്ള പ്രഭാഷണങ്ങൾ, സംവാദങ്ങൾ, കേസുകൾ ആസ്പദമാക്കിയ പഠനസെഷനുകൾ എന്നിവയിലൂടെ ബൗദ്ധിക സ്വത്തവകാശ നിയമം, പൊതുജനാരോഗ്യ നയം, ട്രിപ്സ് കരാറിന്റെ നടപ്പാക്കൽ എന്നിവയിലുള്ള അറിവ് ശക്തിപ്പെടുത്തുന്നതിനും പരിപാടി ലക്ഷ്യമിടുന്നു.

ഉദ്ഘാടനച്ചടങ്ങിൽ തേർഡ് വേൾഡ് നെറ്റ്വർക്കിന്റെ സീനിയർ ഗവേഷകനും നിയമോപദേഷ്ടാവുമായ കെ. എം. ഗോപകുമാർ, ഐയുസിഐപിആർഎസ് ഡയറക്ടർ ഡോ. ആരതി അശോക്, ഐയുസിഐപിആർഎസ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഐ. ജി. രതീഷ് എന്നിവർ പങ്കെടുത്തു.

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള അധ്യാപകരും ഗവേഷകരും നയരൂപീകരണ രംഗത്തെ പ്രതിനിധികളും ശിൽപശാലയിൽ പങ്കെടുക്കുന്നുണ്ട്. പരിപാടി 2026 ജൂൺ 10ന് സമാപിക്കും.

## എം.ജി. ബിരുദ ഏകജാലകം: ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 10 വരെ ദീർഘിപ്പിച്ചു

**കോട്ടയം:** മഹാത്മാ ഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയംഭരണ കോളേജുകൾ ഒഴികെയുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലേക്കും സർവകലാശാല ഗ്രാജുവേറ്റ് സ്കൂളിലെ 4+1 ഇന്റഗ്രേറ്റഡ് പ്രോഗ്രാമിലേക്കും 2026-27 അധ്യയന വർഷത്തെ ഏകജാലക പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി 2026 ജൂൺ 10 വൈകുന്നേരം 5.00 മണി വരെ ദീർഘിപ്പിച്ചു.

സാധ്യതാ അലോട്ട്മെന്റ് 2026 ജൂൺ 12നും ഒന്നാം അലോട്ട്മെന്റ് 2026 ജൂൺ 17നും പ്രസിദ്ധീകരിക്കും. ഒന്നാം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർഥികൾ 2026 ജൂൺ 22ന് മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം. വിശദവിവരങ്ങൾക്ക്: cap.mgu.ac.in

### ബിരുദാനന്തര ബിരുദം, ബി.എഡ്. പ്രവേശനങ്ങൾ: രജിസ്ട്രേഷൻ ജൂൺ 12 വരെ ദീർഘിപ്പിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയംഭരണ കോളേജുകൾ ഒഴികെയുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള 2026-27 അധ്യയന വർഷത്തെ ഏകജാലക പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി 2026 ജൂൺ 12 വൈകുന്നേരം 5.00 മണി വരെ ദീർഘിപ്പിച്ചു.

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ ബി.എഡ് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷനും 2026 ജൂൺ 12 വൈകുന്നേരം 5.00 മണി വരെ ദീർഘിപ്പിച്ചു. വിശദവിവരങ്ങൾക്ക്: cap.mgu.ac.in.

### പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബിവോക് സൗണ്ട് എഞ്ചിനീയറിംഗ് (പുതിയ സ്കീം 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മാർച്ച് 2026 പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 8 മുതൽ നടക്കും.

നാലാം സെമസ്റ്റർ സി.ബി.സി.എസ്. (ന്യൂ സ്കീം 2023 അഡ്മിഷൻ ഇപ്രൂവ്മെന്റ്റ് / 2023-2019 അഡ്മിഷൻസ് റീ അപ്പിയറൻസ്/ 2018 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്/ 2017 അഡ്മിഷൻ സെക്കന്റ്റ് മേഴ്സി ചാൻസ്) യു ജിമാർച്ച് 2026ന്റെ ബി. എ. മ്യൂസിക് (വീണ) പ്രാക്ടിക്കൽ പരീക്ഷകൾ 2026 ജൂൺ 11 ന് തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട് സ്ൽ വെച്ച് നടക്കും.

നാലാം സെമസ്റ്റർ എം.എ. (സി.എസ്.എസ് 2024 അഡ്മിഷൻ റെഗുലർ/ 2023-2019 അഡ്മിഷൻസ് റീഅപ്പിയറൻസ്) മാർച്ച് 2026ന്റെ ഭരതനാട്യം പ്രാക്ടിക്കൽ / പ്രോജെക്ട് / കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ 2026 ജൂൺ 10 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ വെച്ച് നടക്കും. ടൈം ടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ.

### വൈവ വോസി

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർഎംഎസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ പ്രൊജക്റ്റ് ഇവാലുവേഷൻ/വൈവ വോസി പരീക്ഷകൾ ജൂൺ17 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.




വിൻസെൻഷ്യൻ സർവീസ് സൊസൈറ്റിയുടെയും ഡി പോൾ എക്സ്റ്റൻഷൻ സർവീസസിന്റെയും നേതൃത്വത്തിൽ അങ്കമാലി കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ സംഘടിപ്പിച്ച പരിസ്ഥിതി ദിനാചരണത്തിന് തുടക്കം കുറിച്ച് വി.എസ്.എസ്. ഡയറക്ടർ റവ. ഫാ. ജോർജ് തയ്യനാട്ടുവെളി വി.സി. കെ.എസ്.ആർ.ടി.സി. സൂപ്രണ്ട് ജാൻസി വർഗീസിന് ഫലവൃക്ഷത്തൈ കൈമാറുന്നു.

# പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു

**അങ്കമാലി:** വിൻസെൻഷ്യൻ സർവീസ് സൊസൈറ്റി സെന്റർ ഫോർ റൂറൽ ഡെവലപ്മെന്റിന്റെയും ഡി പോൾ എക്സ്റ്റൻഷൻ സർവീസസിന്റെയും നേതൃത്വത്തിൽ ആഗോള പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി ദീപ്തി ഗ്രാമം നഴ്സറി സ്കൂളിലെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പച്ചക്കറി വിത്തുകളും ഫലവൃക്ഷത്തൈകളും വിതരണം ചെയ്തു.

അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിലും റെയിൽവേ സ്റ്റേഷനിലും ഫലവൃക്ഷത്തൈ വിതരണവും ബോധവത്കരണ പരിപാടികളും നടന്നു. കെ.എസ്.ആർ.ടി.സി. സൂപ്രണ്ട് ജാൻസി വർഗീസിനും ജീവനക്കാർക്കും, റെയിൽവേ സ്റ്റേഷൻ മാസ്റ്റർ സാജു ചാക്കോയ്ക്കും, യാത്രക്കാർക്കും ഓട്ടോ തൊഴിലാളികൾക്കും ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു. പരിപാടിയുടെ ഭാഗമായി ഡി പോൾ കോളേജ്, അങ്കമാലിയിലെ വിദ്യാർത്ഥികൾ ഫ്ലാഷ് മോബ് അവതരിപ്പിച്ചു.

വിൻസെൻഷ്യൻ സർവീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ജോർജ് തയ്യനാട്ടുവെളി ഢഇയുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ സോഷ്യൽ വർക്കർമാരായ ജിയാന്റോ ജോൺ, പോൾ കെ. ബിനോയി, ദേവസൂര്യ പ്രദീപ് എന്നിവർ പങ്കെടുത്തു




ഇടയാഴത്തുള്ള തോടിന്റെ ഇരുകരകളിലുമായി കരകണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്ന പരിപാടി വെച്ചൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു സജി ഉദ്ഘാടനം ചെയ്യുന്നു. വൈസ് പ്രസിഡന്റ് അഭിഷേക് എൻ., പഞ്ചായത്ത് സെക്രട്ടറി അജയകുമാർ പി., ബയോഡൈവേഴ്സിറ്റി ബോർഡ് ജില്ലാ കോർഡിനേറ്റർ ഡോ. തോംസൺ ഡേവിസ്, അധ്യാപകരായ ഡോ. വി. പി. സൈലസ്, ഡോ. സിബു സൈമൺ, ഡോ. പ്രശാന്ത്, ഡോ. ജെറി, പ്രശോബ്, വിജി തുടങ്ങിയവർ സമീപം

# പരിസ്ഥിതി ദിനം: കരകണ്ടൽ ചെടികൾ വച്ചുപിടിപ്പിച്ചു

**കോട്ടയം:** മഹാത്മാഗാന്ധി സർവ്വകലാശാല പരിസ്ഥിതി പഠന വിഭാഗവും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, വെച്ചൂർ ഗ്രാമപഞ്ചായത്ത് ബിഎംസി എന്നിവയുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തിലെ ഇടയാഴത്തുള്ള തോടിന്റെ ഇരുകരകളിലുമായി നൂറിലേറെ കരകണ്ടൽ ചെടികൾ വച്ചുപിടിപ്പിച്ചു.

'പ്രകൃതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് കാലാവസ്ഥയ്ക്കായി, നമ്മുടെ ഭാവിക്കായി' എന്ന ഈ വർഷത്തെ പരിസ്ഥിതി ദിന പ്രമേയത്തെ മുൻനിർത്തിയാണ് തീരസംരക്ഷണ ജൈവവേലിയായ കണ്ടലുകൾ വച്ചുപിടിപ്പിച്ചത്. കാലാവസ്ഥ വ്യതിയാന ഫലമായി ഉണ്ടാകുന്ന വെള്ളപ്പൊക്കം, ഓരുജല കയറ്റം, കൊടുങ്കാറ്റ്, തീരശോഷണം, ജൈവവൈവിധ്യ നാശം എന്നിവയ്ക്കെല്ലാം ഉള്ള പ്രകൃതിയുടെ ജൈവ കവചമാണ് കണ്ടൽ ചെടികൾ. വെച്ചൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു സജി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അഭിഷേക് എൻ., പഞ്ചായത്ത് സെക്രട്ടറി അജയകുമാർ പി., ബയോഡൈവേഴ്സിറ്റി ബോർഡ് ജില്ലാ കോർഡിനേറ്റർ ഡോ. തോംസൺ ഡേവിസ്, അധ്യാപകരായ ഡോ. വി. പി. സൈലസ്, ഡോ. സിബു സൈമൺ, ഡോ. പ്രശാന്ത്, ഡോ. ജെറി, പ്രശോബ്, വിജി എന്നിവരും മറ്റു പഞ്ചായത്ത് അംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നൽകി.

# സർക്കാർ തല വകുപ്പുകളുമായി ചേർന്നുള്ള ബോധവൽക്കരണം വിപുലപ്പെടുത്തും: റാഫ്

**പെരുമ്പാവൂർ:** പോലീസ്, മോട്ടോർ വാഹന, എക്സൈസ്,ഗതാഗത,വിദ്യാഭ്യാസ, തദ്ദേശ വകുപ്പുകളുമായി സഹകരിച്ച് റോഡ് സുരക്ഷ,ലഹരി വ്യാപനം തടയൽ, ജലജന്യ രോഗപ്രതിരോധം, പരിസര ശുചീകരണം എന്നിവക്കായുള്ള ക്യാംപയിനുകൾ, ബോധവൽക്കരണം, മറ്റു അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഊർജിതമാക്കാൻ റോഡ് ആക്സിഡൻറ് ആക് ഷൻ ഫോറം സംസ്ഥാന പ്രവർത്തക യോഗം തീരുമാനിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി വിജയൻ കൊളത്തായിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം റാഫ് സംസ്ഥാന പ്രസിഡണ്ട് ഡോ കെ എം അബ്ദു ഉദ്ഘാടനം ചെയ്തു.

തുടർന്ന് മുഖ്യമന്ത്രി ബഅടക്കമുള്ളബ എല്ലാ മന്ത്രിമാരെയും കണ്ട് ഇക്കാര്യങ്ങൾ ചർച്ച ചെയ്തു. യാതൊരു പണപ്പിരിവുകളൊ സർക്കാർ ധനസഹായമോ കൂടാതെ കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലം സംസ്ഥാനത്തുടനീളം നടപ്പാക്കി വരുന്ന വിവിധ ക്യാമ്പയിനുകളും ബോധവൽക്കരണമടക്കമുള്ള മറ്റു അനുബന്ധ പ്രവർത്തനങ്ങളും ചർച്ച വിഷയമായി.

റാഫിന്റെ പ്രവർത്തന റിപ്പോർട്ടുകളും ആവശ്യങ്ങളുമടങ്ങിയ രേഖകളും നിവേദനങ്ങളും മുഖ്യമന്ത്രി അടക്കമുള്ള എല്ലാ മന്ത്രിമാർക്കും പോലീസ്, മോട്ടോർ വാഹന ഉദ്യോഗസ്ഥർക്കും റാഫ് സംസ്ഥാന പ്രസിഡണ്ട് ഡോ. കെ എം അബ്ദു കൈമാറി.

സംസ്ഥാന ഭാരവാഹികളായ രാജു മണക്കാട്, കെ എ അലി, എൻദോ മോസ്സസ്,കെടിഎ സമദ്, മുഹമ്മദ് ഫാരീസ്,സജി മണ്ഡലത്തിൽ, സിറാജുദീൻ കരമന എന്നിവരും നിവേദക സംഘത്തിലുണ്ടായിരുന്നു.



റോഡ് സുരക്ഷ, ലഹരി നിർമ്മാർജനം,ജലജന്യ രോഗ പ്രതിരോധം, പരിസര ശുചീകരണം എന്നിവ സംബന്ധിച്ച ക്യാംപയിൻ, ബോധവൽക്കരണം, മറ്റു പ്രവർത്തന റിപ്പോർട്ടുകളടങ്ങിയ രേഖകൾ സംസ്ഥാന പോലീസു ഡയറക്ടർ ജനറൽ രാവഡ എ ചന്ദ്രശേഖറിന് റാഫ് സംസ്ഥാന പ്രസിഡണ്ട് ഡോ. കെ എം അബ്ദു കൈ മാറുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY




ശ്യാം ശ്രീനിവാസൻ തന്റെ 'ബെറ്റർ നെവർ സ്റ്റോപ്സ്' എന്ന പുസ്തകം കൊച്ചിയിൽ പ്രകാശനം ചെയ്യുന്നു

# ശ്യാം ശ്രീനിവാസൻ രചിച്ച 'ബെറ്റർ നെവർ സ്റ്റോപ്സ്' പ്രകാശനം ചെയ്തു

**കൊച്ചി:** ബാങ്കിങ് രംഗത്തെ അതികായനും ഫെഡറൽ ബാങ്ക് മുൻ എംഡിയും സിഇഒയുമായ ശ്യാം ശ്രീനിവാസൻ രചിച്ച ഓർമ്മക്കുറിപ്പുകളുടെ സമാഹാരം 'ബെറ്റർ നെവർ സ്റ്റോപ്സ്' കൊച്ചിയിൽ പ്രകാശനം ചെയ്തു. ആഗോള പ്രശസ്ത ബാങ്കിങ് സ്ഥാപനമായ സ്റ്റാൻഡേർഡ് ചാർട്ടേർഡ്, സിറ്റി ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ തലപ്പത്ത് പ്രവർത്തിച്ച ശ്യാം ശ്രീനിവാസന്റെ മൂന്ന് പതിറ്റാണ്ട് കാലത്തെ അനുഭവ സമ്പത്തിന്റെയും നേതൃ പദവിലെത്തിയ അർപ്പണബോധത്തിന്റെയും നേർസാക്ഷ്യമാണ് പുസ്തകം. ധനകാര്യ മേഖലയോടൊപ്പം ക്രിക്കറ്റിനെയും സ്നേഹിക്കുന്ന ശ്യാം ശ്രീനിവാസൻ, രചനയിലുടനീളം ഉപമകളെ ക്രിക്കറ്റുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. ബാങ്കിങ് മേഖലയിലെ തന്ത്രങ്ങളും അപ്രതീക്ഷിത പ്രതിസന്ധികളും വിജയകരമായി കൈകാര്യം ചെയ്ത് പരിചയമുള്ള നേതാവിനോട് നേരിട്ട് സംസാരിക്കുന്നത് പോലെയുള്ള വായനാനുഭൂതിയാണ് പുസ്തകം സമ്മാനിക്കുന്നത്. ബാങ്കിങ് പ്രൊഫെഷണലുകൾക്കുപുറമെ, ഔദ്യോഗിക ജീവിതത്തിൽ ദിശാബോധം വളർത്തേണ്ടവർക്കും ഒരുപോലെ ഉപകാരപ്രദമാണ് പുസ്തകം.

കൊച്ചിയിൽ നടന്ന ചടങ്ങിൽ ഏലിയാസ് ജോർജ്, ചെയർപേഴ്സൺ, ഫെഡറൽ ബാങ്ക്, സി. ബാലഗോപാൽ, ചെയർപേഴ്സൺ, കെ.എസ്.ഐ.ഡി.സി, ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ്, മാനേജിംഗ് ഡയറക്ടർ, മുത്തൂറ്റ്, കെ. എൻ. രാഘവൻ, മുൻ ഇന്ത്യൻ ക്രിക്കറ്റ് അമ്പയർ എന്നിവർ പുസ്തക ചർച്ച നടത്തി. ചടങ്ങിൽ ബിസിനസ് വ്യവസായ മേഖലകളിലെ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു. രാജ്യത്തെ പ്രമുഖ ബുക്സ്റ്റാളുകളിലും ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റുഫോമുകളിലും പുസ്തകം ലഭ്യമാണ്.

# വി ഉപഭോക്താക്കൾക്കായി സൈലൻറ് മൊബൈൽ വെരിഫിക്കേഷൻ അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ പ്രമുഖ ടെലികോം ഓപ്പറേറ്ററായ വോഡഫോൺ ഐഡിയ പ്രമുഖ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ മെറ്റയുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. മെറ്റയുടെ കീഴിലുള്ള വാട്സാപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം എന്നിവ ഉപയോഗിക്കുന്ന വി ഉപഭോക്താക്കൾക്ക് കൂടുതൽ സുരക്ഷിതവും വേഗമേറിയതുമായ ഡിജിറ്റൽ അനുഭവം ഉറപ്പാക്കാൻ സൈലൻറ് മൊബൈൽ വെരിഫിക്കേഷൻ സംവിധാനമാണ് കമ്പനി അവതരിപ്പിച്ചത്.

നെറ്റ്‌വർക്ക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ആധികാരികത ഉറപ്പാക്കുന്ന ഈ സാങ്കേതികവിദ്യയിലൂടെ ഒടിപി അല്ലെങ്കിൽ പാസ്‌വേഡ് മാനുവലായി ടൈപ്പ് ചെയ്യാതെ തന്നെ ഉപഭോക്താക്കളുടെ മൊബൈൽ നമ്പർ പശ്ചാത്തലത്തിൽ വെരിഫൈ ചെയ്യപ്പെടും. വി മൊബൈൽ നെറ്റ്‌വർക്ക് ഉപയോഗിച്ച് ഉപഭോക്താക്കൾ വാട്സാപ്പോ മറ്റ് മെറ്റാ ആപ്പുകളോ തുറക്കുമ്പോൾ ടെലികോം നെറ്റ്‌വർക്ക് നേരിട്ട് ഈ വെരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കുന്നു. പുതിയ അക്കൗണ്ട് രജിസ്ട്രേഷൻ, ലോഗിൻ, അക്കൗണ്ട് റിക്കവറി, സെക്യൂരിറ്റി ചെക്കുകൾ എന്നിവയിലെല്ലാം ഈ സുരക്ഷിത പാസ്‌വേഡ് രഹിത സേവനം ലഭ്യമാകും. വ്യാജ അക്കൗണ്ടുകൾ വഴിയുള്ള ഡിജിറ്റൽ തട്ടിപ്പുകൾ, ഫിഷിംഗ് എന്നിവയിൽ നിന്ന് ഉപഭോക്താക്കൾക്ക് മികച്ച സുരക്ഷ നൽകാൻ ഈ സംവിധാനത്തിലൂടെ സാധിക്കുമെന്നും മെറ്റയുമായുള്ള ഈ സഹകരണം സൈബർ സുരക്ഷ വർദ്ധിപ്പിക്കും.

## കോമൺ ഗ്രൗണ്ട് ഫിഫ വേൾഡ് കപ്പ് 2026

# അന്താരാഷ്ട്ര പോസ്റ്റർ അവാർഡുകൾക്കുള്ള അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഫിഫ വേൾഡ് കപ്പ് 2026നോടനുബന്ധിച്ച് കോമൺ ഗ്രൗണ്ട് ഫിഫ വേൾഡ് കപ്പ് 2026 അന്താരാഷ്ട്ര പോസ്റ്റർ അവാർഡുകൾക്കായി ലാവ'കോം (ലബോറട്ടറി ഓഫ് വിഷ്വൽ ആർട്ട് കമ്മ്യൂൺ) എൻട്രികൾ ക്ഷണിച്ചു.

16 വയസോ അതിൽ കൂടുതലോ പ്രായമുള്ള കലാകാരർ, ഡിസൈനർമാർ, ആർക്കിടെക്റ്റുകൾ, ചിത്രകാരർ, ഫോട്ടോഗ്രാഫർമാർ, വിദ്യാർഥികൾ, എന്നിവർ കൂടാതെ എല്ലാ മേഖലകളിലുമുള്ള സർഗ്ഗ പ്രവർത്തകർക്കും ഈ അന്താരാഷ്ട്ര പോസ്റ്റർ അവാർഡുകൾക്ക് എൻട്രികൾ സമർപ്പിക്കാം.

പെയിന്റിങ്, ഡ്രോയിങ്, കൊളാഷ്, ഫോട്ടോഗ്രഫി, പ്രിന്റ് മേക്കിങ്, ടെക്സ്റ്റൈൽ അടിസ്ഥാനമാക്കിയ സൃഷ്ടികൾ, മിക്സ്ഡ് മീഡിയ, ഡിജിറ്റൽ ഫോർമാറ്റുകൾ എന്നിവ ഉൾപ്പെടെ ഏത് ദ്വിമാന മാധ്യമത്തിലും സൃഷ്ടികൾ സമർപ്പിക്കാവുന്നതാണ്. എൻട്രികൾ നിർദിഷ്ട ഇംപീരിയൽ പോസ്റ്റർ വലുപ്പമായ 22 X 30 ഇഞ്ച് (55.9 X 76.2 സെ.മീ.) ഫോർമാറ്റിൽ ആയിരിക്കണം. ഈ സൃഷ്ടികൾ പോർട്രെയ്റ്റ് അല്ലെങ്കിൽ ലാൻഡ്സ്കേപ്പ് ഓറിയന്റേഷനിൽ സമർപ്പിക്കാവുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ സൃഷ്ടികളും ലാവ'കോം പ്രൊഫഷണലായി മൗണ്ട് ചെയ്ത് പ്രദർശിപ്പിക്കും.

മൊത്തം 101 പോസ്റ്ററുകളാണ് പ്രദർശനത്തിനായി തിരഞ്ഞെടുക്കുക. ജൂറി തിരഞ്ഞെടുക്കുന്ന മൂന്ന് പേർക്ക് യഥാക്രമം 10,00,000, 5,00,000, 2,50,000 രൂപ അവാർഡുകൾ ലഭിക്കും. 2026 ജൂൺ 30ാണ് പോസ്റ്ററുകൾ സമർപ്പിക്കേണ്ട അവസാന തീയതി. കൃതികളുടെ ഡിജിറ്റൽ ഫയലുകൾ submissions@lavacom.org എന്ന വിലാസത്തിൽ മെയിൽ വഴി സമർപ്പിക്കാം . ജൂലൈ 13ന് വിജയികളെ പ്രഖ്യാപിക്കും.

ഇതിനെ തുടർന്ന് ഫുട്ബോളിനെയും അതിന്റെ വിശാലമായ സാംസ്കാരിക പ്രാധാന്യത്തെയും ആസ്പദമാക്കി സംഘാടകർ പ്രത്യേകമായി ക്ഷണിച്ച പ്രമുഖ കലാകാരർ, ഡിസൈനർമാർ, ആർക്കിടെക്റ്റുകൾ, മറ്റ് സർഗ്ഗ പ്രവർത്തകർ എന്നിവർ ഒരുക്കുന്ന പോസ്റ്ററുകൾ ഉൾക്കൊള്ളുന്ന ഒരു പ്രത്യേക പ്രദർശനവും കോമൺ ഗ്രൗണ്ടിന്റെ ഭാഗമായി ഉണ്ടായിരിക്കുമെന്ന് ആർട്ടിസ്റ്റിക്ക് ഡയരക്ടർ ബോസ് കൃഷ്ണമാചാരി പറഞ്ഞു. മേത്തർ ഗ്രൂപ്പിന്റെ പിന്തുണയോടെ, 2026 സെപ്റ്റംബർ 7ന് കേരളത്തിലെ എറണാകുളത്തുള്ള മേത്തർ സ്ക്വയറിൽ പ്രദർശനം ഉദ്ഘാടനം ചെയ്യും. കൊച്ചിയിലെ ആദ്യ പ്രദർശനത്തിന് ശേഷം, ഫുട്ബോളിനോടുള്ള ആവേശത്തിനും അതിന്റെ സാംസ്കാരിക ചൈതന്യത്തിനും പേരുകേട്ട ഗോവ, കൊൽക്കത്ത തുടങ്ങിയ ഇന്ത്യൻ നഗരങ്ങളിലേക്കും മറ്റ് കേന്ദ്രങ്ങളിലും കൂടി സഞ്ചരിക്കാനാണ് ഈ പ്രദർശനം ലക്ഷ്യമിടുന്നത്.

കല, ഡിസൈൻ, സംസ്കാരം, വിജ്ഞാനം, സാങ്കേതികവിദ്യ എന്നീ മേഖലകൾക്കിടയിൽ സംവാദത്തിനും സഹകരണത്തിനും പരീക്ഷണാത്മക ഇടപെടലുകൾക്കും പ്രോത്സാഹനം നൽകുന്നതിനായി രൂപീകരിച്ച വേദിയായ ലാവ'കോമിന്റെ ആദ്യ അന്താരാഷ്ട്ര പദ്ധതിയാണ് കോമൺ ഗ്രൗണ്ട്.


കോമൺ ഗ്രൗണ്ട് മുഖേന, കായിക, സംസ്കാരിക, സർഗാത്മക മേഖലകൾ സംഗമിക്കുന്ന ഒരു ആഗോള വേദി രൂപപ്പെടുത്താനാണ് ലാവകോം ലക്ഷ്യമിടുന്നത്. ഫുട്ബോൾ എന്ന സാർവത്രിക ഭാഷയെ ആഘോഷിക്കുന്നതിനൊപ്പം, പങ്കാളിത്തത്തിനും സംവാദത്തിനും കൂട്ടായ ഭാവനയ്ക്കും പ്രോത്സാഹനം നൽകുന്നതാണ് ഈ സംരംഭം.

# ഹൈസൻസിന്റെ പുതിയ യു7എസ്ഇ യു.എൽ.ഇ.ഡി മിനി എൽ.ഇ.ഡി ടിവികൾ അവതരിപ്പിച്ചു

**കൊച്ചി:** ഉപഭോക്തൃ ഇലക്ട്രോണിക്സ്, ഗാർഹിക ഉപകരണ മേഖലകളിലെ ആഗോള മുൻനിര ബ്രാൻഡായ ഹൈസെൻസിന്റെ പുതിയ ടെലിവിഷൻ ശ്രേണിയായ യു7എസ്ഇ 144 ഹെർട്സ് യു.എൽ.ഇ.ഡി മിനിഎൽ.ഇ.ഡി ടി.വി.കൾ ഇന്ത്യയിൽ അവതരിപ്പിച്ചു. മികച്ച ദൃശ്യശബ്ദ അനുഭവവും പുതു തലമുറ ഗെയിമിംഗ് പ്രകടനവും ലക്ഷ്യമിട്ടുള്ള ഈ പുതിയ ശ്രേണി, അത്യാധുനിക ഡിസ്പ്ലേ സാങ്കേതികവിദ്യയും എ.ഐ. പ്രോസസിംഗും സംയോജിപ്പിച്ച് കുറഞ്ഞ ചിലവിൽ ഉയർന്ന നിലവാരത്തിലുള്ള അനുഭവമാണ് ഉപഭോക്താവിന് നൽകുന്നത്.

ഹൈസൻസിന്റെ നൂതനമായ യു.എൽ.ഇ.ഡി മിനി എൽ.ഇ.ഡി സാങ്കേതിക വിദ്യയാണ് ഈ ശ്രേണിയുടെ പ്രധാന സവിശേഷത. ഫുൾ അറേ ലോക്കൽ ഡിമ്മിംഗ് സംവിധാനത്തിന്റെ സഹായത്തോടെ ദൃശ്യങ്ങളിൽ കൂടുതൽ സ്വാഭാവികതയും ഉറപ്പാക്കുന്നുണ്ട്. ഹൈക്യു.എൽ.ഇ.ഡി കളർ സാങ്കേതിക വിദ്യയാണ് ഇതിലുള്ളത്. ആധുനിക വീടുകളുടെ അകത്തളങ്ങളോട് ചേർന്ന് നിൽക്കുന്ന രൂപകൽപ്പനയും ഈ ശ്രേണിയുടെ പ്രത്യേകതയാണ്.

ഹൈ പെർഫോമൻസ് ഗെയിമിംഗിനായി രൂപകൽപ്പന ചെയ്ത യു7എസ്ഇ ശ്രേണിയിൽ 144 ഹെർട്സിന്റെ റിഫ്രഷ് റേറ്റാണുള്ളണ്ട്. ഇത് മികച്ച് ഗെയിമിംഗ് അനുഭവം നൽകും. 100 ഇഞ്ച് മോഡലുകളിൽ 165 ഹെർട്സിന്റെ ഗെയിം മോഡ്, വ്യത്യസ്ത റിഫ്രഷ് റേറ്റ്, എച്ച്.ഡി.എം.ഐ 2.1 കണക്റ്റിവിറ്റി എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.




ഹൈസൻസിന്റെ സ്വന്തം പ്രോസസറായ ഹൈവ്യൂ എ.ഐ. എൻജിനാണ് ഓരോ ഫ്രെയിമിന്റേയും പ്രകടനം നിയന്ത്രിക്കുന്നത്. ദൃശ്യഗുണനിലവാരം, കോൺട്രാസ്റ്റ്, നിറങ്ങൾ എന്നിവ തത്സമയം മെച്ചപ്പെടുത്താൻ ഈ പ്രോസസറിന് കഴിയും. 100 ഇഞ്ച് മോഡലുകളിലെ ഹൈവ്യൂ എ.ഐ. എൻജിൻ പ്രോ കൂടുതൽ വ്യക്തതയിൽ സിനിമാ നിലവാരത്തിലുള്ള കാഴ്ചാനുഭവം ഉറപ്പാക്കുന്നു. മികച്ച ശബ്ദാനുഭവത്തിനായി ഡെവിയാലെ സാങ്കേതികവിദ്യ ഉപയോഗിച്ച് ക്രമീകരിച്ച ബിൽറ്റ്ഇൻ സബ്വൂഫറും ഈ ശ്രേണിയിലെ ടിവികളിലുണ്ട്.

വേഗതയേറിയതും സുരക്ഷിതവുമായ ഉപയോക്തൃ അനുഭവം നൽകുന്ന വിഡാ സ്മാർട്ട് ഓപ്പറേറ്റിങ് സംവിധാനത്തിലാണ് ഈ ടിവികൾ പ്രവർത്തിക്കുന്നത്. ഫിലിംമേക്കർ മോഡ്, മുറിയിലെ പ്രകാശം അനുസരിച്ച് സ്വയം ക്രമീകരിക്കുന്ന എ.ഐ. ആർ.ജി.ബി. ലൈറ്റ് സെൻസർ, വോയിസ് കൺട്രോൾ എന്നിവയും ഇതിലുണ്ട്. 55, 65, 75, 85, 100 ഇഞ്ച് എന്നീ സ്ക്രീൻ സൈസുകളിൽ ഹൈസൻസ് യു7എസ്ഇ യു.എൽ.ഇ.ഡി മിനിഎൽ.ഇ.ഡി ടിവികൾ ലഭിക്കും. 63,990 രൂപ മുതലാണ് പ്രാരംഭ വില. നന്ദിലത്ത്, മൈജി ഉൾപ്പടെയുള്ള പ്രമുഖ റീട്ടെയിൽ ശൃംഖലകളിൽ ഇവ ലഭ്യമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ലൈക്കയുമായി സഹകരിച്ച് ഷവോമി 17ടി



ഷവോമി ഇന്ത്യ പുതിയ ഫൽഗ്ഷിപ്പ് സ്മാർട്ട്ഫോണായ ഷവോമി 17ടി ഇന്ത്യയിൽ പുറത്തിറക്കി. ലൈക്കയുടെ സഹകരണത്തോടെ വികസിപ്പിച്ചെടുത്ത അത്യാധുനിക ഇമേജിംഗ് സാങ്കേതികവിദ്യ, ഇമ്മേഴ്സീവ് എന്റർടെയിൻമെന്റ്, ശക്തമായ പ്രകടനം, ദീർഘകാല ബാറ്ററി ലൈഫ് എന്നിവ ഒരുമിച്ചുള്ള പ്രീമിയം അനുഭവമാണ് ഈ ഉപകരണം നൽകുന്നത്. ലൈക്ക പവേർഡ് ക്യാമറ, ഐകെയർ ഡിസ്പ്ലേ, വലിയ ശേഷിയുള്ള ബാറ്ററി എന്നിവയോടെ, നിത്യ ഉപയോഗത്തിനായി സമ്പൂർണ്ണമായ സ്മാർട്ട്ഫോൺ അനുഭവം നൽകുന്നു ഷവോമി 17ടി.

## അനുയോജ്യമായ ഡിസ്പ്ലേ

ഇന്നത്തെ സ്മാർട്ട്ഫോൺ ഉപയോക്താക്കൾ വായന, സ്ട്രീമിംഗ്, ഗെയിമിംഗ്, ജോലി, ആശയവിനിമയം എന്നിവയ്ക്കായി മണിക്കൂറുകളോളം ഉപകരണം ഉപയോഗിക്കുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് ഷവോമി 17ടി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ ഉപകരണത്തിൽ 6.59ഇഞ്ച് 1.5കെ അമോലെഡ് ഡിസ്പ്ലേ ഉൾപ്പെടുത്തിയിരിക്കുന്നു. 3500 നിറ്റ്സ് വരെ പീക്ക് ബ്രൈറ്റ്നസ് ലഭ്യമാകുന്നതിനാൽ ശക്തമായ സൂര്യപ്രകാശത്തിലും വ്യക്തമായ ദൃശ്യാനുഭവം ലഭിക്കും. 120 ഹെർട്സ് റിഫ്രെഷ് റേറ്റ് സുഖമമായ സ്ക്രോളിംഗും ഗെയിമിംഗും ഉറപ്പാക്കുന്നു.

കൂടാതെ, ഷവോമി വിഷൻ കെയർ എന്ന ഐകെയർ സിസ്റ്റം പരിസ്ഥിതി പ്രകാരം ബ്ലൂ ലൈറ്റ്, ഫൽക്കർ, കണ്ണിന്റെ ക്ഷീണം എന്നിവ നിയന്ത്രിക്കുന്നു. ഇതിന് ടിയുവി റീൻലാൻഡ് ഇന്റലിജന്റ് ഐ കെയർ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്.

## ദിവസം മുഴുവൻ പ്രവർത്തിക്കുന്ന ശക്തമായ ബാറ്ററി

ഷവോമി 17ടി ഉപയോക്താക്കളുടെ തിരക്കേറിയ ജീവിതശൈലിയോട് പൊരുത്തപ്പെടുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നു. ഇതിൽ 6500 എംഎഎച്ച് സിലിക്കൺ കാർബൺ ബാറ്ററി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് മുഴുവൻ ദിവസവും വിശ്വസനീയമായ ബാക്കപ്പ് നൽകുന്നു. കൂടാതെ 67വാട്ട് ഹൈപ്പർ ചാർജ് വഴി വേഗത്തിലുള്ള ചാർജിങ്ങും ലഭ്യമാണ്. ഇതിലൂടെ ഉപയോക്താക്കൾക്ക് ചാർജർ തേടുന്നതിനേക്കാൾ കൂടുതൽ സമയം അവരുടെ പ്രവർത്തനങ്ങൾക്ക് നൽകാൻ കഴിയും.

### ഭാവിയിലേക്ക് തയ്യാറായ പ്രകടനം

ഷവോമി ഹൈപ്പർ ഒഎസിനൊപ്പം, അഡ്വാൻസ്ഡ് കൂളിംഗ് സിസ്റ്റവും ഉൾപ്പെടുത്തി, ഷവോമി ഹൈപ്പർ എഐ, ഗൂഗിൾ ജെമിനി, സർക്കിൾ ടു സെർട്ട് വിത്ത് ഗൂഗിൾ തുടങ്ങിയ സ്മാർട്ട് ഫീച്ചറുകളുമായി ഷവോമി 17ടി കൂടുതൽ ബുദ്ധിപരമായ അനുഭവം നൽകുന്നു.

### പ്രീമിയം ഡിസൈൻ, കൈകാര്യം എളുപ്പം

സ്റ്റൈലും പ്രായോഗികതയും ഒരുമിപ്പിച്ച ഡിസൈനാണ് ഷവോമി 17ടിയുടേത്. സ്ലിം ബോഡി, മൈക്രോകേർവ്ഡ് എഡ്ജുകൾ, സുന്ദരമായ ഫിനിഷുകൾ, ലളിതമായ ക്യാമറ മോഡ്യൂൾ എന്നിവ പ്രീമിയം ലുക്കും അനുഭവവും നൽകുന്നു. വയലറ്റ്, ബ്ലൂ, ബ്ലാക്ക് എന്നീ നിറങ്ങളിൽ ലഭ്യമാണ്.

### വിലയും ലഭ്യതയും

ലോഞ്ച് ഓഫർ കാലയളവിൽ ഷവോമി 17ടി രണ്ട് വേരിയന്റുകളിൽ ലഭിക്കും: 12ജിബി + 256ജിബി 59,999 രൂപ, 12ജിബി + 512ജിബി 64,999 രൂപ എന്നിങ്ങനെ.

### ഇൻസ്റ്റന്റ് ബാങ്ക് ഡിസ്കൗണ്ട്

ഫുൾ സ്വൈപ്പ്, ക്രെഡിറ്റ് കാർഡ് ഇഎംഐ ഇടപാടുകൾക്ക് 5,000 രൂപയുടെ ഇൻസ്റ്റന്റ് ബാങ്ക് ഡിസ്കൗണ്ട് ലഭ്യമാണ്. ഇതോടെ ആരംഭ വില 54,999 രൂപയായി കുറയുന്നു.

### ഫിനാൻസിങ്ങും ഉറപ്പുള്ള ബൈബാക്കും

ഉപഭോക്താക്കൾക്ക് എളുപ്പത്തിലുള്ള ഫിനാൻസിംഗ് ഓപ്ഷനുകൾ, എക്സ്ചേഞ്ച് ആനുകൂല്യങ്ങൾ, കൂടാതെ ഉറപ്പായ ബൈബാക്ക് പ്രോഗ്രാമും ലഭ്യമാണ്. ഒരു വർഷം വരെ ഇൻവോയ്സ് മൂല്യത്തിന്റെ 60% വരെ തിരിച്ചുപിടിക്കാനുള്ള ഉറപ്പ് ഈ പദ്ധതിയുടെ പ്രത്യേകതയാണ്.

## ഓരോ നിമിഷത്തിനും ഒരു കഥ. എല്ലാം പകർത്താം

ജീവിതം പലപ്പോഴും മികച്ച നിമിഷത്തിനായി കാത്തിരിക്കാറില്ല. അപ്രതീക്ഷിതമായ യാത്രകൾ, രാത്രി സംഗീത പരിപാടികൾ, കുടുംബ ആഘോഷങ്ങൾ, അല്ലെങ്കിൽ ഒരു സെക്കൻഡിൽ മാത്രം നിലനിൽക്കുന്ന മുഖഭാവങ്ങൾ ഇവയെല്ലാം കൃത്യമായി പകർത്താൻ സഹായിക്കുന്നതിനായി ഷവോമി 17ടി രൂപകൽപ്പന ചെയ്തിരിക്കുന്നു.

ഷവോമി 17ടിയുടെ കേന്ദ്രഭാഗത്ത് ലൈക്ക പവേർഡ് ട്രിപ്പിൾ ക്യാമറ സിസ്റ്റം ഉണ്ട്. ഇതിൽ 50ജിബി പ്രധാന ക്യാമറയും, ഷവോമി ടി സീരീസിൽ ആദ്യമായി അവതരിപ്പിക്കുന്ന ലൈക്ക 5എക്സ് പെരിസ്കോപ്പ് ടെലിഫോട്ടോ ക്യാമറയും ഉൾപ്പെടുന്നു. അടുത്തുള്ള സൂക്ഷ്മവിശദാംശങ്ങൾ മുതൽ ദൂരെയുള്ള വിഷയങ്ങൾ വരെ വ്യക്തമായി പകർത്താൻ ഈ സംവിധാനം സഹായിക്കുന്നു.

കൂടാതെ, പുതിയ ലൈക്ക ലൈവ് മൂവ്മെന്റ് എന്ന ഫീച്ചർ ഒരു ഫോട്ടോ മാത്രമല്ല, അതിന് മുൻപും ശേഷവും ഉള്ള ചലനങ്ങളും വികാരങ്ങളും അന്തരീക്ഷവും കൂടി പകർത്തി കൂടുതൽ ജീവസാന്നിധ്യമുള്ള ദൃശ്യാനുഭവം നൽകുന്നു. കുട്ടിയുടെ ആദ്യ ചുവടുകൾ, സ്റ്റേജ് പ്രകടനം, സുഹൃത്തുക്കളുടെ ചിരി എന്നിവയെല്ലാം കൂടുതൽ യാഥാർത്ഥ്യപരമായി അനുഭവപ്പെടുന്നു. പോർട്രെയിറ്റ് പ്രേമികൾക്കായി ലൈക്ക ലൈവ് പോർട്രെയിറ്റ് കൂടുതൽ ആഴവും സിനിമാറ്റിക് ഗുണവും നൽകുന്ന ചിത്രങ്ങൾ സൃഷ്ടിക്കുന്നു.

## അധിക ഡിജിറ്റൽ ആനുകൂല്യങ്ങൾ

ഷവോമി 17ടി ഉപയോക്താക്കൾക്ക് 3 മാസം ഗൂഗിൾ എഐ പ്രോ, 3 മാസം യൂട്യൂബ് പ്രീമിയം, 3 മാസം ജിയോ ഹോട്ട്സ്റ്റാർ, 5000ജിബി ഗൂഗിൾ ജെമിനി പ്രോ ക്ലൗഡ് സ്റ്റോറേജ്, 4 മാസം സ്പോട്ടിഫൈ പ്രീമിയം സ്റ്റാൻഡേർഡ് എന്നിങ്ങനെ സൗജന്യ ഡിജിറ്റൽ സബ്സ്ക്രിപ്ഷനുകളും ലഭിക്കും.

## ഓഫർ വിശദാംശങ്ങൾ

ഷവോമി 17ടി 12ജിബി + 256ജിബി 59,999 രൂപ
ഷവോമി 17ടി 12ജിബി + 512ജിബി 64,999 രൂപ
ഇൻസ്റ്റന്റ് ബാങ്ക് ഡിസ്കൗണ്ട് (എഫ്എസ്/സിസി ഇഎംഐ) 5,000 രൂപ.



# ഇതര സംസ്ഥാനക്കാർ മടങ്ങിയപ്പോൾ 10 ലക്ഷം ലോട്ടറി ടിക്കറ്റുകളുടെ വില്പന കുറഞ്ഞു

**തൃശ്ശൂർ:** ഇതരസംസ്ഥാന തൊഴിലാളികൾ മടങ്ങിയപ്പോൾ നിർമാണമേഖലയ്ക്കും ഹോട്ടൽ മേഖലയ്ക്കും പുറമേ ലോട്ടറി മേഖലയ്ക്കും നഷ്ടം. ദിവസവും അഞ്ചുമുതൽ 10 ലക്ഷംവരെ ടിക്കറ്റുകളുടെ വില്പന കുറഞ്ഞു. സമ്മാനങ്ങൾ കുറച്ചതിലൂടെ വന്ന തിരിച്ചടിക്ക് മറുനാടൻ തൊഴിലാളികളുടെ മടക്കം ആക്കംകൂട്ടി.

രണ്ടുമാസത്തിനിടെയാണ് വിൽപ്പനയിലെ ഇടിവ് രൂക്ഷമായത്. ദിവസം 1.08 കോടി ടിക്കറ്റുകളാണ് ദിവസവും വിറ്റിരുന്നത്. അച്ചടിക്കുന്ന ടിക്കറ്റുകൾ പൂർണമായും വിറ്റുപോയിരുന്നു. നല്ലരീതിയിൽ ലോട്ടറി ടിക്കറ്റുകൾ വാങ്ങിയിരുന്നവരാണ് ഇതരസംസ്ഥാന തൊഴിലാളികളെന്ന് ലോട്ടറി കച്ചവടക്കാർ പറയുന്നു. മൂന്നും നാലും പേരടങ്ങുന്ന കൂട്ടമായെത്തി ഓരോരുത്തരും നാലും അഞ്ചും ടിക്കറ്റുകൾ എടുക്കുകയും ചെയ്യും. പലരും ഒരേ നമ്പർ ടിക്കറ്റുകൾ ഒരുമിച്ചെടുക്കും.

ടിക്കറ്റ് വിൽപ്പന ഇനിയും കുറയാനുള്ള സാധ്യതയാണ് നിലനിൽക്കുന്നതെന്ന് മേഖലയിലുള്ളവർ പറയുന്നു. ഇടിവ് പതിനഞ്ചു ലക്ഷമായി വർധിക്കാം. 2025 മേയ് രണ്ടിനു നടപ്പാക്കിയ പരിഷ്കരണത്തിലൂടെ ടിക്കറ്റുവില വർധിപ്പിക്കുകയും അയ്യായിരം രൂപയിൽ കുറവുള്ള സമ്മാനങ്ങൾ വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഒന്നാംസമ്മാനം 60 മുതൽ 80 ലക്ഷം വരെയുണ്ടായിരുന്നത് ഒരു കോടിയാക്കിയിരുന്നതിനാൽ ആദ്യഘട്ടത്തിൽ ഇത് വിൽപ്പനയെ അധികം ബാധിച്ചില്ല. പക്ഷേ, ഇപ്പോൾ സമ്മാനങ്ങളുടെ കുറവ് വിൽപ്പനയെ കാര്യമായി ബാധിച്ചുതുടങ്ങിയെന്നും കച്ചവടക്കാർ പറയുന്നു. രണ്ടു ലക്ഷം വിൽപ്പനക്കാരും ഇരുപതിനായിരം സബ് ഏജന്റുമാരും പതിനായിരം ഏജന്റുമാരുമുള്ള മേഖലയാണിത്.

# പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുവാൻ 100 ദിന കർമ്മപരിപാടികൾ

**പാലക്കാട്:** മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുവാൻ 100 ദിന കർമ്മപരിപാടികൾ ആവിഷ്കരിക്കുമെന്ന് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി കെ. എ. തുളസി. സെക്രട്ടേറിയറ്റ് പി.ആർ. ചേമ്പറിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കടുത്ത പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യത്തിൽ കഴിഞ്ഞ ദിവസം മന്ത്രി പാലക്കാട് വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിലാണ് പ്രവർത്തനം ഊർജ്ജിതമാക്കാൻ തീരുമാനമെടുത്തത്. മെഡിക്കൽ കോളേജിന് ആവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതിയും മറ്റു സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുവാനും മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചു. മെഡിക്കൽ കോളേജ് സ്പെഷ്യൽ ഓഫീസർ കൂടിയായ ഒറ്റപ്പാലം സബ് കളക്ടർ കൺവീനറായി സ്ഥലം എം.പി, എം.എൽഎ, ജില്ലാ കളക്ടർ, മെഡിക്കൽ കോളേജ് ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയാണ് രൂപീകരിച്ചത്. നിർമ്മാണ പ്രവർത്തനങ്ങളും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും 100 ദിവസത്തിനകം പൂർത്തിയാക്കാനാണ് നിർദ്ദേശം നൽകിയതെന്ന് മന്ത്രി അറിയിച്ചു.

മെഡിക്കൽ കോളേജിന്റെ മെയിൻ ബ്ലോക്ക്, ഒ.പി വാർഡ്, ഒ.റ്റി വാർഡ്, ഒ.പി.സി എന്നിവയുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് പി.ഡബ്ല്യു.ഡി വകുപ്പ് എത്രയും പെട്ടെന്ന് കോളേജിന് കൈമാറണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

ബോയിലർ, മാൻഹോൾഡ്, മോർച്ചറി കെട്ടിടങ്ങളുടെ നിർമ്മാണം, സീവേജ്, ഡ്രയിനേജ്, ഗ്യാസ് സപ്ലൈ സിസ്റ്റം, എസ്.റ്റി.പി, മോഡുലാർ ലാബുകൾ, ഹോസ്റ്റലുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ ആവശ്യമായ സാങ്കേതിക തടസ്സങ്ങൾ നീക്കുമെന്നു മന്ത്രി പറഞ്ഞു.

അധ്യാപകരടെയും അനദ്ധ്യാപകരടെയും ഒഴിവു നികത്തുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. അദ്ധ്യാപകരുടെ ശമ്പള വേതന വ്യവസ്ഥ പുനഃക്രമീകരിക്കണമെന്ന് മുഖ്യമന്ത്രിയെ നേരിൽ കണ്ട് അഭ്യർത്ഥിച്ചു.

മെഡിക്കൽ കൗൺസിൽ മാനദണ്ഡങ്ങൾ പാലിച്ച് കോളേജിന്റെ പ്രവർത്തനം പൂർണ്ണ സജ്ജമാക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇക്കാര്യം പരിഗണിക്കാമെന്ന് ഉറപ്പ് ലഭിച്ചതായും മന്ത്രി പറഞ്ഞു.

എല്ലാ 10 ദിവസം കൂടുന്തോറും മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് കോളേജിന്റെ ടെക്നിക്കൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളുമായി ചർച്ച ചെയ്ത് 100 ദിവസത്തിനകം പൂർണ്ണ സജ്ജമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നു മന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയെ നേരിൽ കണ്ട് നടത്തിയ ചർച്ചയിൽ പൂർണ്ണ തോതിൽ മെഡിക്കൽ കോളേജ് സജ്ജമാക്കുവാൻ എല്ലാ നടപടിയും സ്വീകരിക്കാമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്.




# ഡിഷ് ടിവി വി ഇസഡ് വൈ സ്മാർട്ട് ടിവികൾ അവതരിപ്പിച്ചു

**കൊച്ചി:** മുൻനിര ഡിടിഎച്ച് സേവനദാതാക്കളായ ഡിഷ് ടിവിയുടെ വി ഇസഡ് വൈ സ്മാർട്ട് ടിവികൾ കേരളത്തിൽ അവതരിപ്പിച്ചു.

കൊച്ചിയിൽ നടന്ന ചടങ്ങിൽ നടി പ്രയാഗ മാർട്ടിനാണ് സ്മാർട്ട് ടിവി അവതരിപ്പിച്ചത്. ഡിഷ് ടിവി സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ മനോജ് ധോബൽ, ചീഫ് റവന്യൂ ഓഫീസർ സുഖ്പ്രീത് സിംഗ് എന്നിവർ പങ്കെടുത്തു.

പ്രാദേശിക ഉള്ളടക്കത്തിനുപുറമെ ലൈവ് ടെലിവിഷൻ ചാനലുകൾ, ഒടിടി പ്ലാറ്റ്ഫോമുകൾ, കായിക സംപ്രേഷണം എന്നിവ ലഭ്യമാകുന്ന ഇൻറഗ്രേറ്റഡ് എൻറർടൈൻമെൻറ് ഇക്കോസിസ്റ്റം വി ഇസഡ് വൈ സ്മാർട്ട് ടിവികളിലുണ്ട്.

പ്രീമിയം ഡിസ്പ്ലേയും ആധുനിക ഓഡിയോ സംവിധാനവുമാണ് സ്മാർട്ട് ടിവിയിലുള്ളത്. 65 ഇഞ്ച് വരെയുള്ള പ്രീമിയം മോഡലുകൾ വിപണിയിൽ ലഭ്യമാകുമെന്ന് അധികൃതർ അറിയിച്ചു. ഫിഫ ഫുട്ബോൾ ലോകകപ്പ് സമയക്രമത്തെ ഉൾപ്പെടുത്തി ഫിഫ ടു ഫിഫ പ്രത്യേക വിനോദ പ്ലാനും ഡിഷ് ടിവി അവതരിപ്പിച്ചിട്ടുണ്ട്.

# പെട്രോളിനെക്കാൾ 20 രൂപ കുറവ്, ഇന്ധനം പുറത്തിറക്കി ഇന്ത്യൻ ഓയിൽ

■ ആദ്യ 'ഇ85' ഇന്ധന വിതരണ കേന്ദ്രം ഡൽഹിയിൽ

**ന്യൂഡൽഹി:** പെട്രോളിനെക്കാൾ 20 രൂപ കുറവിൽ ഇ85 ഇന്ധനം അവതരിപ്പിച്ച് ഇന്ത്യൻ ഓയിൽ (ഐഒസി). 85% എഥനോളും 15% പെട്രോളും അടങ്ങിയ ഇ85 ഇന്ധനം ഡൽഹിയിലാണ് പുറത്തിറക്കിയത്. രാജ്യത്തെ ആദ്യ ഫ്ലെക്സ്ഫ്യുവൽ കാറും ബൈക്കുകളും പുറത്തിറങ്ങിയതിന് തൊട്ടുപിന്നാലെയാണ് ഇന്ത്യൻ ഓയിലിന്റെ നിർണായക ചുവടുവയ്പ്.



ആദ്യ 'ഇ85' ഇന്ധന വിതരണ കേന്ദ്രം പെട്രോളിയം മന്ത്രി ഹർദീപ് സിങ് പുരി ഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഓയിലിന്റെ പുസ റോഡിലെ ഔട്ട്ലെറ്റിലാണ് രാജ്യത്തെ ആദ്യ ഇ85 കമേഴ്സ്യൽ പമ്പ് പ്രവർത്തനമാരംഭിച്ചത്. സാധാരണ പെട്രോളുമായി താരതമ്യം ചെയ്യുമ്പോൾ ഹരിതഗൃഹ വാതകങ്ങളുടെയും മറ്റ് മലിനീകരണ വസ്തുക്കളുടെയും പുറന്തള്ളൽ 61% വരെ കുറയ്ക്കാൻ ഇ85 ഇന്ധനത്തിന് സാധിക്കുമെന്ന് ഇന്ത്യൻ ഓയിൽ വ്യക്തമാക്കി.

ഫ്ലെക്സ്ഫ്യുവൽ വാഹനങ്ങൾക്കായി പ്രത്യേകം തയാറാക്കിയതാണ് ഈ ഇന്ധനം. നിലവിൽ ഡൽഹി എൻസിആർ മേഖലയിലാണ് ഇ85 ലഭ്യമാക്കിയിരിക്കുന്നത്. വൈകാതെ തന്നെ മറ്റ് പ്രമുഖ നഗരങ്ങളിലേക്കും ഇത് വ്യാപിപ്പിക്കും. ആദ്യഘട്ടത്തിൽ തലസ്ഥാന നഗരിയിലെ 7 റീട്ടെയ്ൽ ഇന്ധന ഔട്ട്ലെറ്റുകൾ വഴിയാണ് ഇത് വിതരണം ചെയ്യുന്നത്. ലീറ്ററിന് 82.12 രൂപയാണ് ഡൽഹിയിലെ വില. (ഇ20 പെട്രോളിന് 102.12 രൂപ).

ആദ്യഘട്ടത്തിൽ ഡൽഹിഎൻസിആർ, മുംബൈ പുണെ നാഗ്പൂർ കോറിഡോറുകളിലായി 100 ഇ85 സ്റ്റേഷനുകൾ സ്ഥാപിക്കുമെന്നു മന്ത്രി പറഞ്ഞു. ഈ വർഷം അവസാനത്തോടെ ഇതിന്റെ എണ്ണം 500 ആയും 2027 അവസാനത്തോടെ രാജ്യത്തെ പ്രധാന നഗരങ്ങളിലുടനീളമായി 5,000 ഔട്ട്ലെറ്റുകളായും ഉയർത്താനാണു ലക്ഷ്യം.




# എയർ ഇന്ത്യയും റിയാദ് എയറും 'കോഡ് ഷെയറിങ്ങിന്'

**ന്യൂഡൽഹി:** എയർ ഇന്ത്യയും സൗദിയുടെ റിയാദ് എയർ വിമാനക്കമ്പനിയും തമ്മിൽ കോഡ്ഷെയറിങ് സഹകരണത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചു. നേരിട്ട് സർവീസ് നടത്താൻ സാധിക്കാത്ത വിമാനത്താവളങ്ങളിലേക്കു ഒന്നിലേറെ വിമാനക്കമ്പനികൾ സഹകരിച്ച് ടിക്കറ്റ് ലഭ്യമാക്കുന്ന സംവിധാനമാണ് കോഡ് ഷെയറിങ്.

റിയാദ് പോലെയുള്ള നഗരങ്ങളിൽ എയർ ഇന്ത്യ ഫ്ലൈറ്റിലെത്തുന്ന യാത്രക്കാർക്ക് ഒറ്റ ടിക്കറ്റിൽ റിയാദ് എയറിന്റെ വിമാനത്തിൽ മറ്റ് നഗരങ്ങളിലേക്ക് പോകാമെന്നതാണ് മെച്ചം. അതുപോലെ ഡൽഹി, മുംബൈ ഹബ്ബുകളിൽ റിയാദ് എയർ വിമാനങ്ങളിലെത്തുന്നവർക്ക് അതേ ടിക്കറ്റ് ഉപയോഗിച്ച് എയർ ഇന്ത്യ വിമാനത്തിൽ മറ്റ് നഗരങ്ങളിലെത്താം.

ഒരേ ടിക്കറ്റിൽ ഒന്നിലേറെ കമ്പനികളുടെ വിമാനത്തിൽ യാത്ര ചെയ്ത് ലക്ഷ്യസ്ഥാനത്തെത്താൻ സാധിക്കുമെന്നതാണ് മെച്ചം. യാത്രക്കാർക്ക് രണ്ട് കമ്പനികളിൽ ഏതിലെങ്കിലും ഒന്നു വഴി ടിക്കറ്റ് ബുക്ക് ചെയ്യാം. പിഎൻആർ ഒന്നുതന്നെയായിരിക്കും. ലഗേജ് ട്രാൻസ്ഫർ സൗകര്യവും ലഭിക്കും